പുരാതന പ്രസിദ്ധ മരിയൻ തീർത്ഥാടന
കേന്ദ്രമായ നെടിയശാല പള്ളിയിലെ

# പരിശുദ്ധ കന്യകാമറിയത്തോടുള്ള
# നൊവേന



## സെന്റ് മേരീസ് ചർച്ച്, നെടിയശാല

(കോതമംഗലം രൂപത)
നെടിയശാല പി.ഒ 685608
ഫോൺ: 04862 – 273094
Web : www.nediasalachurch.org

*Imprimatur*

+ ***Mar George Punnakottil***
*Bishop of Kothamangalam*

# ആമുഖം

എ.ഡി. 999-ൽ പരിശുദ്ധ കന്യാകാമറിയ ത്തിന്റെ നാമത്തിൽ നെടിയശാല പള്ളി സ്ഥാപിതമായി അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത നെടിശാലയമ്മയുടെ മാദ്ധ്യസ്ഥ്യം തേടി അനുഗ്രഹങ്ങൾ പ്രാപിക്കുന്നവർ അനവധിയാണ്. നെടിശാലയമ്മയുടെ വണക്കത്തിനായി സമർപ്പിക്കപ്പെടുന്ന നൊവേന എല്ലാ ബുധനാഴ്ചക ളിലും, ശനിയാഴ്ചകളിലും നടത്തപ്പെടുന്നു. ആഘോഷപൂർവ്വമായ നൊവേന, പിടിനേർച്ച, രോഗ ശാന്തി ശുശ്രൂഷ എന്നിവ എല്ലാ ആദ്യശനിയാഴ്ചകളിലും നടത്തപ്പെടുന്നു. നെടിയശാല മരിയൻ തീർത്ഥാടനകേ ന്ദ്രത്തിലെ ഉപയോഗത്തിനായി തയ്യാറാക്കിയിട്ടുള്ള ഈ പ്രാർത്ഥനാ പുസ്തകത്തിന് അംഗീകാരം നല്കിയ അഭിവന്ദ്യ കോതമംഗലം രൂപതയുടെ ദ്വീതീയ മെത്രാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനെ നന്ദിയോടെ സ്മരിക്കുന്നു. ഈ പുസ്തകത്തിലെ ഗാനങ്ങൾ രചിച്ച് ഈണം പകർന്ന ബേബി ജോൺ കലയന്താനിക്കും സഹകരിച്ച മറ്റെല്ലാവർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു. ഏവർക്കും നെടിയാലയമ്മ വഴി ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

വികാരി, സെന്റ് മേരീസ് ചർച്ച്
നെടിയശാല

# പുരാതനപ്രസിദ്ധമായ നെടിയശാല പള്ളി

## മരിയൻ തീർത്ഥാടനകേന്ദ്രമായ നെടിയശാല പള്ളി

ക്രിസ്തുവർഷം 999-ൽ സ്ഥാപിതമായ നെടിയശാലപള്ളി പ്രസിദ്ധമായ മരിയൻ തീർത്ഥാടനകേന്ദ്രമാണ്. പുരാതനകാലത്ത് തമിഴകവും പടിഞ്ഞാറൻ തുറമുഖങ്ങളുമായി ബന്ധപ്പെടുത്തിയിരുന്ന പ്രധാനവിഥീയിൽ നെടിയ പാണ്ടികശാല ഉണ്ടായിരുന്ന സ്ഥലമാണ് നെടിയശാലയായിത്തീർന്നത്. നെടിയാനി എന്നും നെടിയാലയെന്നും ഈ സ്ഥലം അറിയപ്പെട്ടിരുന്നു. പ്രകൃതിക്ഷോഭം, കാട്ടാനകളുടെ ആക്രമണം തുടങ്ങിയവമൂലം ഇവിടെയുണ്ടായിരുന്ന ദൈവാലയം നശിപ്പിക്കപ്പെടുകയും ആളുകൾ ഇവിടെ നിന്നും വിവിധ സ്ഥലങ്ങളിലേക്ക് മാറി പോകുകയും ചെയ്തു. അനുകൂലാവസ്ഥയുണ്ടായപ്പോൾ ആളുകൾ നെടിയാല മണ്ണിൽ തിരിച്ചെത്തി ദൈവാലയം പുനർനിർമ്മിച്ചു. 1999-ൽ സഹസ്രാബ്ദി ആഘോഷാവസരത്തിൽ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു. 2012 ഒക്ടോബർ 13ന് 555/12-ാം നമ്പർ കല്പന പ്രകാരം മരിയൻ തീർത്ഥാടന കേന്ദ്രമായി വീണ്ടും സ്ഥിരീകരിച്ചു.

## നെടിയാലയമ്മയുടെ തിരുസ്വരൂപം

ദിവ്യത്വം സ്ഫുരിക്കുന്ന പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. ഒറ്റത്തടിയിൽ ഏതദ്ദേശീയ ശില്പചാരുതയോടെ രൂപപ്പെടുത്തിയിട്ടുള്ള ഈ തിരുസ്വരൂപം പുരാതന ദൈവാലയത്തിൽ പ്രതിഷ്ഠിച്ചിരുന്നതാണ്. ദൈവാലയം നശിപ്പിക്കപ്പെട്ടപ്പോൾ മാറികയിലേക്ക് കൊണ്ടുപോയ തിരുസ്വരൂപം 1922-ൽ ആഘോഷപൂർവ്വം ഇവിടേക്ക് തിരികെ കൊണ്ടുവന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത നെടിയാലമ്മ തലമുറകളായി അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

## നെടിയാലയമ്മേ പിടിയായി വരണേ

നെടിയാലയമ്മയോടുള്ള ഈ പ്രാർത്ഥന നൂറ്റാണ്ടുകളായി ഉരുവിടുന്നതാണ്. ഒരു നവവധു പിടിയുണ്ടാക്കാനറിയാതെ വിഷമിച്ചപ്പോൾ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം യാചിക്കുകയും

ഫലസിദ്ധിനേടുകയും ചെയ്ത പ്രാർത്ഥനയാണ് **'നെടിയാലയമ്മേ പിടിയായി വരണേ'** എന്നത്. ഏത് ആവശ്യങ്ങളിലും നമ്മുടെ ശക്തിയാണീ പ്രാർത്ഥന. ഇവിടെ എല്ലാ ആദ്യശനിയാഴ്ചകളിലും ആഘോഷപൂർവ്വം പിടിനേർച്ചയും നൊവേനയും നടത്തപ്പെടുന്നുണ്ട്.

## അത്ഭുത നീരുറവയും മലനാടിന്റെ ലൂർദ്ദും

1941 ഫെബ്രുവരി 11-ന് പരിശുദ്ധ അമ്മയിൽ നിന്നു ലഭിച്ച ദർശനമനുസരിച്ച് കണ്ടെത്തിയതാണ് ഈ അത്ഭുതനീരുറവ. ഒരിക്കലും വറ്റാത്ത ഈ നീരുറവയിലെ തീർത്ഥജലം ഉപയോഗിക്കുന്നവർക്ക് രോഗശാന്തിയും മറ്റ് അനുഗ്രഹങ്ങളും ധാരാളമായി ലഭിക്കുന്നുണ്ട്. അത്ഭുത നീരുറവയും പരിശുദ്ധ അമ്മയുടെ ഗ്രോട്ടോയും ഉൾപ്പെടുന്ന ഈ സമുച്ചയം-**മലനാടിന്റെ ലൂർദ്ദ്**-ഏവരുടെയും ആശാകേന്ദ്രമാണ്.

## പരിശുദ്ധ കന്യകാമറിയത്തോടുള്ള നൊവേന

### പ്രാരംഭഗാനം

ഒന്നായണി ചേരുന്നു
ഒരുമനമായ് പാടുന്നു
മാതാവേ കന്യാമേരി നിർമ്മലറാണീ
മനസ്സിന്റെ ഭാരങ്ങൾ
കണ്ണീർമണിമുത്തുകളായ്
അർപ്പിക്കുന്നമ്മേ ഞങ്ങൾ നിന്റെ മുൻപിൽ
(ഒന്നായണി........)

നെടിയാലയമ്മേ
പിടിയായി വരണേ
നിൻമക്കൾ പ്രാർത്ഥിക്കുന്നു. നീ കേട്ടീടണമേ
യേശുവിൻ തിരുമുമ്പിൽ നിൻ ദിവ്യമാദ്ധ്യസ്ഥ്യം
എന്നാളും ശ്രേഷ്ഠമാണെന്നോർത്തീടേണമേ
(ഒന്നായണി........)

തീരാത്ത വ്യാധികൾ നീക്കി
മാറാത്ത രോഗം മാറ്റി
നൂറ്റാണ്ടുകളീദേശത്തെ കാത്തു പുലർത്തി നീ
നീരുറവയിലെ തീർത്ഥജലം നിൻ
വാത്സല്യ സ്നേഹത്തിൻ തെളിനീരല്ലോ
(ഒന്നായണി........)

കാർമ്മി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

സമൂഹം : ആമ്മേൻ

കാർമ്മി : ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും

സമൂ : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ നിന്നു

ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടെതാകുന്നു. ആമ്മേൻ

കാർമ്മി : നിത്യപിതാവിന്റെ പ്രകാശമായ മിശിഹായേ, അങ്ങയുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്കും അമ്മയായി നൽകുവാൻ തിരുമനസ്സായല്ലോ. ആ അമ്മയുടെ മാതൃസഹജമായ സംരക്ഷണത്താലും സഹായത്താലും ഞങ്ങൾ ദൈവികജീവനിൽ വളരുന്നതിനും പുണ്യപൂർണ്ണത പ്രാപിച്ച് സ്വർഗ്ഗീയമഹത്വം പ്രാപിക്കുന്നതിനും ഇടയാക്കണമെന്ന് ഏറ്റം എളിമയോടെ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

കാർമ്മി : അത്യുന്നതന്റെ സംരക്ഷണമുള്ളവനും

ദൈവത്തിന്റെ തണലിൽ ജീവിക്കുന്ന വനും ഭാഗ്യവാനാകുന്നു.

സമൂഹം : എന്റെ ആശ്രയവും സങ്കേതവും അങ്ങാകുന്നുവെന്ന് കർത്താവിനോടു പറയുക.

കാർമ്മി : നിന്റെ സങ്കേതം കർത്താവാകുന്നു. അത്യുന്നതൻ നിന്റെ കോട്ടയാകുന്നു.

സമൂഹം : നിനക്കു യാതൊരു തിന്മയും വരുകയില്ല. ബാധകൾ നിന്റെ കൂടാരത്തെ ഉപദ്രവിക്കയില്ല.

കാർമ്മി : എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ ഞാൻ അവന് ഉത്തരമരുളും.

സമൂഹം : അവന്റെ സങ്കടകാലങ്ങളിലെല്ലാം ഞാൻ അവന്റെ കൂടെ ഉണ്ടായിരിക്കും.

കാർമ്മി : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കാർമ്മി : ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹായേ, അങ്ങേ വത്സലമാതാവായ

പരിശുദ്ധ മറിയത്തോടു ചേർന്നു കൊണ്ട് അങ്ങേയ്ക്ക് ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുവാൻ ഞങ്ങൾ അണഞ്ഞിരിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിച്ച് അനുഗ്രഹിക്കുകയും വിശ്വാസജീവിതത്തിൽ വളർത്തുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

സമൂഹം : സർവ്വാധിപനാം കർത്താവേ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമോടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു

മർത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ യാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

കാർമ്മി : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവീകവുമായ കല്പനകളുടെ മധുരസ്വരം

ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്ക് ഉപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

കാർമ്മി : സമാധാനം + നിങ്ങളോടുകൂടെ

സമൂഹം : അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ

കാർമ്മി : വി. മത്തായി/ലൂക്കാ/യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.

സമൂഹം : നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## ലൂക്കാ 1:38-45

ആ ദിവസങ്ങളിൽ, മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേയ്ക്ക് തിടുക്കത്തിൽ യാത്ര പുറപ്പെട്ടു. അവൾ സഖറിയായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തു. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി. അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്, നിന്റെ ഉദരഫലവും അനുഗൃഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ, നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചു ചാടി. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി.

അല്ലെങ്കിൽ

## യോഹ 2:1-11

മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു

വിവാഹവിരുന്ന് നടന്നു. ഈശോയുടെ അമ്മ അവിടെ ഉണ്ടായിരുന്നു. ഈശോയും ശിഷ്യന്മാരും വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ ഈശോയുടെ അമ്മ അവനോടു പറഞ്ഞു അവർക്കു വീഞ്ഞില്ല. ഈശോ അവളോടു പറഞ്ഞു. സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല. അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു. അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ. യഹൂദരുടെ ശുദ്ധീകരണ കർമ്മത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽ ഭരണികൾ അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും രണ്ടോ മൂന്നോ അളവുകൊള്ളുമായിരുന്നു. ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് ഈശോ അവരോട് കല്പിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു. ഇനി പകർന്ന് കലവറക്കാരന്റെ അടുത്തുകൊണ്ടുചെല്ലുവിൻ എന്ന് അവൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു. കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചു നോക്കി. അത് എവിടെ നിന്നാണെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ

വെള്ളം കോരിയ പരിചാരകർ അറിഞ്ഞിരുന്നു. അവൻ മണവാളനെവിളിച്ചു പറഞ്ഞു. എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരി പിടിച്ചുകഴിയുമ്പോൾ താഴ്ന്ന തരവും. എന്നാൽ നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ. ഈശോ തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലയിലെ കാനായിൽ ചെയ്ത ഈ അത്ഭുതം. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.

സമൂഹം : നമ്മുടെ കർത്താവായ മിശിഹായ്ക്ക് സ്തുതി.

(മറ്റു വായനകൾ: മത്തായി 12:46-50, യോഹ. 19:2527, ലൂക്ക 8:19-21, ലൂക്ക 2:1-7)

## (പ്രസംഗം)

കാർമ്മി : നമ്മുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടുംകൂടെ കർത്താവേ, ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പയുന്നു എന്ന് ഏറ്റു പറയാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

കാർമ്മി : പരിശുദ്ധ കന്യകാമറിയത്തിൽ നിന്ന് മനുഷ്യശരീരം സ്വീകരിച്ച് മനുഷ്യരക്ഷാർത്ഥം തന്നെത്തന്നെ താഴ്ത്തിയ കർത്താവേ,

സമൂഹം : ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

കാർമ്മി : കുരിശിൽ കിടന്നുകൊണ്ട് യോഹന്നാൻ വഴി ഞങ്ങളെ മറിയത്തിന് മക്കളായി നൽകി അനുഗ്രഹിച്ച കാർത്താവേ

സമൂഹം : ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

കാർമ്മി : ആകാശത്തിലും ഭൂമിയിലുമുള്ള സകല സൃഷ്ടികളേയുംകാൾ പരിശുദ്ധ കന്യകാമറിയത്തെ വരപ്രസാദത്താൽ

സമൂഹം : ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

കാർമ്മി : തീർത്ഥാടനം ചെയ്യുന്ന ദൈവജനമായ തിരുസഭയ്ക്ക് ഈ ലോകത്തിൽ യഥാർത്ഥ പ്രത്യാശയ്ക്ക് അടിസ്ഥാനമായി പരിശുദ്ധ മറിയത്തെ കാണിച്ചുതന്ന കർത്താവേ

സമൂഹം : ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

കാർമ്മി : മനുഷ്യ ഹൃദയങ്ങളിൽ അതിസ്വാഭാവിക ജീവൻ പുനഃസ്ഥാപിക്കുവാനുള്ള അങ്ങേ ആഗമനോദ്ദേശ്യത്തെ ഫലമണിയിക്കുവാനായി അങ്ങയോടു പൂർണ്ണമായി സഹകരിക്കുവാൻ ഞങ്ങളുടെ ഇടയിൽ നിന്ന് മറിയത്തെ തെരഞ്ഞെടുത്ത കർത്താവേ

സമൂഹം : ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

കാർമ്മി : സഭയുടെ കൗദാശിക ശുശ്രൂഷകളിലൂടെ ഞങ്ങളെ നിരന്തരം അനുഗ്രഹിക്കുന്ന കർത്താവേ

സമൂഹം : ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

കാർമ്മി : ക്ലേശിതരും ദുഃഖിതരും ദരിദ്രരും പീഡിതരും രോഗികളും ആകുലരുമായ ഞങ്ങളെ സദാ സമാശ്വസിപ്പിക്കുന്ന കർത്താവേ...

സമൂഹം : ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

കാർമ്മി : നമ്മുടെ വ്യക്തിജീവിതത്തിൽ നമ്മുക്ക് ഓരോരുത്തർക്കും ലഭിച്ച അനുഗ്രഹങ്ങൾക്ക് മൗനമായി നന്ദിപറയാം

(മൗനപ്രാർത്ഥന)

കാർമ്മി : പരിശുദ്ധ മറിയത്തോടൊപ്പം നമ്മുക്കും ദൈവത്തെ സ്തുതിക്കാം.

## സ്തോത്രഗീതം

എന്നാത്മം ദൈവത്തെ എന്നും വാഴ്ത്തുന്നു
എൻചിത്തം രക്ഷകനിൽ ആനന്ദിക്കുന്നു
അവിടുന്നീ ദാസിയെ സ്വീകരിച്ചു
അവിടുന്നെൻ താഴ്മയെ തൃക്കൺ പാർത്തു.

തലമുറകൾ തോറുമെന്നെ കീർത്തിച്ചുപാടിടും.
ഭാഗ്യവതീ നീ ഭാഗ്യവതി (2)

വൻകാര്യം ചെയ്യുന്ന ശക്തനായവൻ
പരിശുദ്ധമായിടുന്നു ആ തിരുനാമം
തൻ ഭക്തർ തന്നുടെ മേൽ തലമുറതോറും
കാരുണ്യം വർഷിച്ചു കാത്തിടുന്നവൻ

സിംഹാസനത്തിൽ നിന്നു
ശക്തരെ താഴ്ത്തിടും
എളിയവരെ ഉയർത്തിടും
പശിയുള്ളോരെ നിത്യം പോറ്റിപുലർത്തിടും
ധനികരെയോ പറഞ്ഞയച്ചിടും.

കാർമ്മി : നമ്മുക്കു പ്രാർത്ഥിക്കാം

സമൂഹം : പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ/ പാപികളായ ഞങ്ങൾ/കാരുണ്യത്തിന്റെ നിറകുടമേ/ തികഞ്ഞ പ്രതീക്ഷയോടെ/ അങ്ങേ തൃപ്പാദത്തിങ്കൽ അണഞ്ഞിരിക്കുന്ന/ ഞങ്ങളെ കടാക്ഷിക്കണമേ./ പരീക്ഷകളും ദുരിതങ്ങളും/ ഞങ്ങളെ ക്ലേശിതരാക്കുന്നു./ പ്രതികൂല സാഹചര്യങ്ങളും/ വേദനാജനകമായ പോരായ്മകളും/ ഞങ്ങളുടെ ജീവിതത്തെ ശോകാവൃതമാക്കുന്നു./ കരുണാർദ്രമായ മാതാവേ/ ഞങ്ങളിൽ കനിയണമേ/ ക്ലേശിതരെ സഹായിക്കണമേ/ ബലഹീനരെ ശക്തിപ്പെടുത്തണമേ./ കരയുന്നവരെ ആശ്വസിപ്പിക്കണമേ./ സകല ജനങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കണമേ./ ഓ, എത്രയും നിർമ്മലയായിരിക്കുന്ന മാതാവേ,/ ഈ ദാനങ്ങൾ ഒക്കെയ്ക്കുമായി/ അങ്ങയുടെ സ്നേഹത്തിലും ശക്തിയിലും ശരണം വച്ചുകൊണ്ട്/ ഞങ്ങൾ അപേക്ഷിക്കുന്നു.

കാർമ്മി : നമ്മുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രത്യാശയോടുംകൂടി 'കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥനകേൾക്കണമേ' എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : കാനായിലെ കല്യാണവിരുന്നിൽ വച്ച് മറിയത്തിന്റെ ആഗ്രഹത്തെ ബഹുമാനിച്ച് അത്ഭുതം പ്രവർത്തിച്ച കർത്താവേ, ആ അമ്മയുടെ ആവശ്യങ്ങളും നല്ല ആഗ്രഹങ്ങളും സാധിച്ചുതരുവാൻ കൃപയുണ്ടാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : വിനീതമായ ഒരു കന്യകയെ അമ്മയായി

തെരഞ്ഞെടുക്കുകയും പരിശുദ്ധാത്മാവിന്റെ ആവാസംകൊണ്ട് അവളെ അലങ്കരിക്കുകയും ചെയ്ത കർത്താവേ, ഞങ്ങളിൽ പരിശുദ്ധാത്മാവിന്റെ നിറവ് നൽകി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : സ്വപുത്രനെപ്രതി അനുഭവിക്കേണ്ടിവന്ന നിരവധി ത്യാഗങ്ങളെ ക്ഷമയോടെ മറിയം സഹിച്ചതുപോലെ അനുദിനജീവിതത്തിൽ ഉണ്ടാകുന്ന ക്ലേശങ്ങളെ വിശ്വാസത്തോടെ സഹിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : കർത്താവിൽ നിന്നുകേട്ട അഗ്രാഹ്യങ്ങളായ കാര്യങ്ങൾ മറിയം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചിരുന്നതുപോലെ ജീവിതത്തിലുടനീളം പ്രതിഫലിക്കുന്ന ദൈവ പരിപാലനയെ സ്വീകരിക്കുന്നതിനും അതിനു സ്വയം വിധേയരാകുന്നതിനും ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : കുടുംബജീവിതക്കാരുടെ മാതൃകയും തുണയുമായ പരിശുദ്ധ അമ്മേ, ജീവിതയാഥാർത്ഥ്യങ്ങളെ സമചിത്തതയോടെ സ്വീകരിച്ച അങ്ങ്, കുടുംബ ജീവിതത്തിന്റെ വിശുദ്ധിയും മഹാത്മ്യവും മനസ്സിലാക്കി ഉത്തമകുടുംബ ജീവിതം നയിക്കുവാൻ എല്ലാ മാതാപിതാക്കളെയും

മക്കളെയും പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : ദൈവഹിതം അനുദിനം അനുവർത്തിച്ച അമലാംബികേ, ഈ നവനാളിൽ സംബന്ധിക്കുന്ന രോഗികൾ സുഖം പ്രാപിക്കുന്നതിനും തൊഴിൽ അന്വേഷകർക്ക് തൊഴിൽ ലഭിക്കുന്നതിനും കുടുംബസമാധാനമില്ലാതെ ക്ലേശിക്കുന്നവർക്ക് കുടുംബസമാധാനം ഉണ്ടാകുന്നതിനും സന്താനങ്ങളില്ലാതെ ദുഃഖിക്കുന്ന ദമ്പതികൾക്ക് സന്താനഭാഗ്യം ലഭിക്കുന്നതിനും യുവതീയുവാക്കന്മാർക്ക് തങ്ങൾക്ക് അനുയോജ്യമായ ജീവിതാന്തസ് തെരഞ്ഞെടുക്കുന്നതിനും സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : പത്രോസിന്റെ പിൻഗാമിയും സാർവ്വത്രിക സഭയുടെ തലവനുമായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ. .................. പാപ്പായ്ക്കുവേണ്ടിയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ.............. മെത്രാപ്പോലീത്തായ്ക്കു വേണ്ടിയും ഞങ്ങളുടെ മേലദ്ധ്യക്ഷനും പിതാവുമായ മാർ. ................... മെത്രാനു വേണ്ടിയും അവരുടെ സഹപ്രവർത്തകർക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

*(അവശ്യാനുസരണം വേറെയും പ്രാർത്ഥനകൾ ഇവിടെ കൂട്ടിച്ചേർക്കാം)*

കാർമ്മി : ഇന്നേദിവസം ഈ നൊവേനനടത്തുന്ന വരെയും അവരുടെ കുടുംബാംഗങ്ങ ളെയും സമൃദ്ധമായി അനുഗ്രഹിക്കണ മെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ഞങ്ങളുടെ മാതാവായ മറിയം വഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : നമ്മുക്കെല്ലാർക്കും നമ്മെയും നാമോരു ത്തരെയും പിതാവിനും പുത്രനും പരി ശുദ്ധാത്മാവിനും സമർപ്പിക്കാം

സമൂഹം : ഞങ്ങളുടെ ദൈവമായ കർത്താവെ അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി : ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ അനുഗൃഹീതയായ മാതാവ് പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രാർത്ഥ നയാൽ ഞങ്ങൾക്ക് ആത്മീയവും ശാരീരികവുമായ സഹായവും സംരക്ഷ

ണവും പ്രദാനം ചെയ്യണമേ, നിന്റെ രാജ്യത്തിലെ നിത്യവിരുന്നിൽ അവളോടുകൂടി ഞങ്ങളെയും പങ്കുകാരാക്കണമേ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

*(സമൂഹം മുട്ടുകുത്തുന്നു)*

കാർമ്മി : കർത്താവായ ദൈവമേ, (സമൂഹം ചേർന്ന്) അങ്ങയുടെ പ്രിയ മാതാവായ പരിശുദ്ധ കന്യകാമറിയത്തെ/എപ്പോഴും സഹായമരുളുവാൻ സന്നദ്ധതയുള്ള/അമ്മയായി ഞങ്ങൾക്കു നല്കിയല്ലോ. ആ അമ്മയുടെ പക്കൽ അഭയം തേടുന്ന/ പാപികളായ ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ./ ആത്മീയവും ശാരീരികവുമായ സൗഖ്യം/ ഞങ്ങൾക്കു പ്രധാനം ചെയ്യണേ./ രോഗികൾക്കു വേണ്ടി/ അവരും അവരുടെ കുടുംബാംഗങ്ങളും/ ബന്ധുക്കളും/സ്നേഹിതരും/വിശ്വാസപൂർവ്വം സമർപ്പിച്ച പ്രാർത്ഥന സ്വീകരിച്ച്/രോഗശാന്തി

പ്രദാനം ചെയ്യണമേ./ആർക്കെല്ലാം വേണ്ടി ഞങ്ങളിപ്പോൾ പ്രാർത്ഥിക്കുന്നുവോ അവർക്കും/ഞങ്ങളുടെ പ്രാർത്ഥനാ സഹായം ചോദിച്ചിട്ടുള്ള എല്ലാവർക്കും/ സകലവിധ സഹായവും സംരക്ഷണവും പ്രദാനം ചെയ്യണമേ./ കർത്താവിന്റെ മഹത്വം അവരിലൂടെ പ്രകാശിതമാകട്ടെ./ നിത്യംപിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ./ ആമ്മേൻ

*(കാർമ്മികൻ സമൂഹത്തിന്റെ മേൽ കൈകൾ നീട്ടി)*

കാർമ്മി : പരിശുദ്ധ കന്യകാമറിയത്തെ ഉത്ഭവ പാപത്തിൽ നിന്ന് രക്ഷിക്കുകയും പ്രസാദവരത്താൽ നിറയ്ക്കുകയും ഈശോമിശിഹായുടെ അമ്മയായി ഉയർത്തുകയും ചെയ്ത ദൈവമേ, ആ മാതാവിനെ അനുകരിച്ച് ഞങ്ങളും ദൈവത്തിന്റെ ആലയങ്ങളായിത്തീരുവാനും ദിവ്യരക്ഷകന്റെ വിശ്വസ്ത സേവകരും അനുയായികളുമായി ജീവി

ക്കുവാനും അനുഗ്രഹം നല്കണമേ. ആരോഗ്യ വാൻമാർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം എന്ന് അരുളിച്ചെയ്യുകയും രോഗികളെ സുഖപ്പെടുത്തുവാൻ ശിഷ്യർക്ക് അധികാരം നല്കുകയും ചെയ്ത കാരുണ്യവാനായ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. കുരിശിൽ കിടന്നുകൊണ്ട് തന്റെ വത്സല മാതാവിനെ നമ്മുക്കും അമ്മയായി നല്കുവാൻ തിരുമനസ്സായ അവിടുന്ന്, ആ അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി നിങ്ങൾക്ക് രോഗശാന്തിയും ശാരീരികാരോഗ്യവും പ്രദാനം ചെയ്യട്ടെ. ദുഷ്ടാരൂപികളുടെയും നാശകാരികളായ ജീവികളുടെയും ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിതരാകട്ടെ. ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് പ്രലോഭനങ്ങളെ നേരിടുവാനുള്ള ശക്തി ഏവർക്കും ലഭിക്കുമാറാകട്ടെ. ആകുലതകളും ആശങ്കകളും അകറ്റി ഈ ലോക ജീവിതം വിജയപ്രദമായി നയിക്കുന്നതിനും പരലോകത്തിൽ നിത്യ സൗഭാഗ്യം അനുഭവിക്കുന്നതിനും നമുക്കെ

ല്ലാവർക്കും ഇടയാകട്ടെ. (ഈ തീർത്ഥാടനകേന്ദ്ര ത്തിൽ വന്ന് ഈ പ്രാർത്ഥനയിൽ സംബന്ധിച്ച് പരി ശുദ്ധ അമ്മയെ വണങ്ങി, പിടിനേർച്ചയും തീർത്ഥ ജലവും സ്വീകരിക്കുന്നവർക്ക് അവിടുത്തെ അനു ഗ്രഹങ്ങൾ സമൃദ്ധമായി ഉണ്ടാകുമാറാകട്ടെ.) നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേ ശ്വരാ + എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

(ഹന്നാൻ വെള്ളം തളിക്കുന്നു.)

## സമാപനഗാനം

പരിശുദ്ധ കന്യാമാതാവേ
പാപികൾക്കെന്നും ആശ്രയമേ
അമ്മേ നിൻ സ്തുതിഗീതങ്ങൾ
പാടാം ഞങ്ങൾ നിൻ തനയർ

(പരിശുദ്ധ.....)

കർത്താവിൻ പ്രിയ ദാസീ എന്നും
കനിവേകീടണമേ (2)
യേശുവിലേയ്ക്കായ് ഞങ്ങളെയെന്നും
നീ ചേർത്തീടണമേ (2)

(പരിശുദ്ധ.....)

നിത്യം നിന്നെ വണങ്ങീടാൻ
എത്തീടാമമ്മേ (2)
നിത്യവിശുദ്ധേ നിൻ പ്രിയ സുതരെ
നിത്യം കാക്കണമേ (2)

(പരിശുദ്ധ.....)

*(എല്ലാവരും ഒരുമിച്ച്)*

എത്രയും ദയയുള്ള മാതാവേ! നിന്റെ സങ്കേതത്തിൽ ഓടിവന്നു നിന്റെ സഹായം തേടി നിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി കേട്ടിട്ടില്ല എന്നു നീ ഓർക്കേണമേ; കന്യകളുടെ രാജ്ഞിയായ കന്യകേ, ദയയുള്ള മാതാവേ, ഈ വിശ്വാസത്താൽ ധൈര്യപ്പെട്ടു നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണയുന്നു. വിലപിച്ച് കണ്ണുനീർ ചിന്തി പാപിയായ ഞാൻ നിന്റെ ദയാധിക്യത്തെ കാത്തുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ!എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളണമേ.

ആമ്മേൻ.